## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6587 — 08.11.2016 ൽ - മറുപടിക്ക്

## റേഷൻ കടകളിൽ 'ഇ-പോസ്' സ്ഥാപിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, അനിൽ അക്കര<br>,, വി.എസ്.ശിവകുമാർ | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും ഇ-പോസ് എന്ന ഉപകരണം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | റേഷൻ ഉപഭോക്താക്കൾ വഞ്ചിക്കപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഈ ഉപകരണം വഴി ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | റേഷൻകടകളിൽ നിന്നും കിട്ടേണ്ട ഉത്പന്നങ്ങളും അളവും സംബന്ധിച്ച് പ്രതിമാസ റേഷൻ വിഹിത വിവരങ്ങൾ ഓരോ ഉപഭോക്താവിനും എസ്.എം.എസ്. മുഖേന അറിയിക്കുക, സ്റ്റോക്ക് എത്തിച്ചേരുന്ന വിവരം കാർഡുടമയെ എസ്.എം.എസ്. സന്ദേശം വഴി അറിയിക്കുക, കൂടാതെ ട്രാൻസ്പാരൻസി പോർട്ടൽ മുഖേന ഓരോ ട്രാൻസാക്ഷനും തത്സമയം തന്നെ എല്ലാവർക്കും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയവ പുതിയ സംവിധാനത്തിൽ വിഭാവനം ചെയ്യുന്നുണ്ട് . |
| (സി) | എന്നു മുതലാണ് ഈ സംവിധാനം റേഷൻ കടകളിൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിവരിക്കുമോ? | (സി) | 31.03.2017-നകം പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ